# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5349 | 26-03-2018 -ൽ മറുപടിക്ക്

## ഓഖിയുമായി ബന്ധപ്പെട്ട് പാറശ്ശാലയിൽ വിതരണം ചെയ്ത തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ | | ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കൃഷിനാശവും വസ്തുവകകൾക്ക് നാശനഷ്ടവും സംഭവിച്ചവർക്ക് റവന്യൂ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് കൃഷി സംബന്ധമായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്ക് 1,88,35,067/- (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അറുപത്തിയേഴ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിൽ നിന്നും ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ ആവശ്യപ്പെട്ടതു പ്രകാരം പാറശ്ശാല കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് ആകെ 15,78,329/- (പതിനഞ്ച് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി മുന്നൂറ്റി ഇരുപത്തി ഒൻപത് രൂപ മാത്രം) രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ജില്ലയിൽ നാളിതുവരെ ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1,33,39,495/- രൂപ (ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ഇനത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | ബി) | ഓഖി ദുരന്തത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>ക്രമ നം</th><th>പഞ്ചായത്ത്</th><th>വിതരണം ചെയ്ത തുക</th></tr>
<tr><td>1</td><td>കൊല്ലയിൽ</td><td>41,000/-</td></tr>
<tr><td>2</td><td>കുന്നത്തുകാൽ</td><td>53,000/-</td></tr>
<tr><td>3</td><td>പാറശ്ശാല</td><td>3,97,500/-</td></tr>
<tr><td>4</td><td>പെരുങ്കടവിള</td><td>1,43,000/-</td></tr>
<tr><td>5</td><td>വെള്ളറട</td><td>47,500/-</td></tr>
</table>
</td>
</tr>
<tr>
<td>സി)</td>
<td>ഓഖിയുമായി ബന്ധപ്പെട്ട് പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചത്;</td>
<td>സി)</td>
<td>233 അപേക്ഷകൾ ലഭിച്ചു.</td>
</tr>
<tr>
<td>ഡി)</td>
<td>പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് തുക അനുവദിച്ചു ; ഇനിയും പരിഗണിക്കാത്ത അപേക്ഷകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td>
<td>ഡി)</td>
<td>182 അപേക്ഷകർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 51 അപേക്ഷകർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ